# शिवानन्दलहरी - श्रीशङ्कराचार्यः

കലാഭ്യാം ചൂഡാലങ്കൃതശശികലാഭ്യാം നിജതപഃ
ഫലാഭ്യാം ഭക്തേഷു പ്രകടിതഫലാഭ്യാം ഭവതു മേ |
ശിവാഭ്യാമസ്തോകത്രിഭുവനശിവാഭ്യാം ഹൃദി പുനർ
ഭവാഭ്യാമാനന്ദസ്ഫുരദനുഭവാഭ്യാം നതിരിയം || 1 ||

വേദം തുടങ്ങിയ വിദ്യകളെല്ലാറ്റിന്റേയും സ്വരൂപികളായി, ജടമുടിയിൽ അലങ്കരിക്കപ്പെട്ട ചന്ദ്രക്കലയോടുകൂടിയവരായി, അന്യോന്യം തങ്ങൾ ചെയ്യുന്ന തപസ്സിന് ഒരാൾക്കൊരാൾ ഫലഭൂതരായി സ്വഭക്തന്മാർക്ക്, ധർമ്മം, മോക്ഷം തുടങ്ങിയ ഫലങ്ങളെ നൽകുന്നവരായി, മൂന്നു ലോകത്തിനും അനല്പമായ മംഗളം നൽകുന്നവരായി, ധ്യാനിക്കുന്തോറും മനസ്സിൽ വീണ്ടും വീണ്ടും പ്രത്യക്ഷന്മാരാവുന്നവരായി, ആനന്ദരൂപികളായിരിക്കുന്ന ശ്രീ പാർവ്വതിപരമേശ്വരന്മാർക്കായ്ക്കൊണ്ട് എന്റെ ഈ നമസ്കാരം ഭവിക്കട്ടെ.

ഗളന്തീ ശംഭോ ത്വച്ചരിതസരിതഃ കില്ബിഷരജോ
ദളന്തീ ധീകുല്യാസരണിഷു പതന്തീ വിജയതാം |
ദിശന്തീ സംസാരഭ്രമണപരിതാപോപശമനം
വസന്തീ മച്ചേതോഹൃദഭുവി ശിവാനന്ദലഹരീ || 2 ||

ഹേ പരമേശ ! ഭവാന്റെ പാവനചരിതമാകുന്ന നദിയിൽ നിന്നു പെരുകി ഒഴുകി, പാപമാകുന്ന ധൂളിയെ നശിപ്പിച്ചുകൊണ്ട് ബുദ്ധിയാകുന്ന അരുവിയുടെ മാർഗ്ഗങ്ങളിൽ പതിച്ച്, ജനനമരണാദിയാകുന്ന സംസാരത്തിൽ പെട്ടു കറങ്ങുന്ന(ചുഴലുന്ന)തിനാലുണ്ടാവുന്ന ദുഃഖത്തിന് ശാന്തിചേർത്തുകൊണ്ട് എന്റെ ഹൃദയമാകുന്ന സരസ്സിൽ അലഞ്ഞുലഞ്ഞ് ഓളംതല്ലിക്കൊണ്ടു കുടികൊള്ളുന്ന ശിവാനന്ദപ്രവാഹം വിജയിച്ചരുളട്ടെ.

ത്രയീവേദ്യം ഹൃദ്യം ത്രിപുരഹരമാദ്യം ത്രിനയനം

ജടാഭാരോദാരം ചലദുരഗഹാരം മൃഗധരം |

മഹാദേവം ദേവം മയി സദയഭാവം പശുപതിം

ചിദാലംബം സാംബം ശിവമതിവിഡംബം ഹൃദി ഭജേ || 3 ||

മൂന്നു വേദങ്ങളാൽ അറിയത്തക്കവനായി മനോജ്ഞനായി മുപ്പുരങ്ങളേയും ചുട്ടെരിച്ചവനായി, ആദ്യനായി മുക്കണ്ണനായി കനത്ത ജടാഭാരത്താലതിഗംഭീരനായി ഇളകിക്കൊണ്ടിരിക്കുന്ന സർപ്പത്തെ ഭൂഷണമാക്കിയവനായി, മഹാദേവനായി, പ്രകാശ സ്വരൂപനായി, എന്നിൽ കരുണയോടുകൂടിയവനായി, ജീവജാലങ്ങൾക്കെല്ലാമാധാരമായി, സ്വരൂപജ്ഞാനത്തിന്നു

സാധനഭൂതനായി, ഉമാസഹിതനായി പ്രപഞ്ചാനുസാരിയായിരിക്കുന്ന ആ മംഗളവിഗ്രഹനെ (ശിവനെ) ഞാൻ ഹൃദയത്തിൽ ഭജിക്കുന്നു.

സഹസ്രം വർത്തന്തേ ജഗതി വിബുധാഃ ക്ഷുദ്രഫലദാ

ന മന്യേ സ്വപ്നേ വാ തദനുസരണം തത്കൃതഫലം |

ഹരിബ്രഹ്മാദീനാമപി നികടഭാജാമസുലഭം

ചിരം യാചേ ശംഭോ  ശിവ തവ പദാംഭോജഭജനം || 4 ||

ലോകത്തിൽ അതിനിസ്സാരങ്ങളായ ഫലങ്ങളെ ഉടനടി നൽക്കുന്നവരായ ദേവന്മാർ അനേകായിരമുണ്ട്. അവരെ ആശ്രയിക്കുന്നതിന്നോ, അവർ തരുന്ന ഫലത്തിന്നോ ഞാൻ കാംക്ഷിക്കുന്നില്ല. ഹേ സുഖങ്ങൾക്കാധാര ഭൂതനായ മംഗളവിഗ്രഹ ! സമീപവർത്തികളായ വിഷ്ണു,ബ്രഹ്മദേവൻ മുതലായവർക്കുകൂടി അസുലഭമായിരിക്കുന്ന നിന്തിരുവടിയുടെ പാദസേവയെ മാത്രമെ എന്നന്നേക്കുമായി ഞാൻ യാചിക്കുന്നുള്ളൂ.

സ്മൃതൌ ശാസ്ത്രേ വൈദ്യേ ശകുനകവിതാഗാനഫണിതൌ

പുരാണേ മന്ത്രേ വാ സ്തുതിനടനഹാസ്യേഷ്വചതുരഃ |

കഥം രാജ്ഞാം പ്രീതിർഭവതി മയി കോƒഹം പശുപതേ

പശും മാം സർവജ്ഞ പ്രഥിത കൃപയാ പാലയ വിഭോ || 5 ||

മനുസ്മൃതി തുടങ്ങിയ ധർമ്മശാസ്ത്രങ്ങളിലോ, തർക്കവ്യാകരണാദികളിലോ, വൈദ്യം, ശകുനശാസ്ത്രം, കവനകല, സംഗീതശാസ്ത്രം, പുരാണം, മന്ത്രശാസ്ത്രം, സ്തുതി, നൃത്തം, ഹാസ്യചേഷ്ടകളെ അഭിനയിക്കൽ എന്നിവയിലോ ഞാനല്പവും സമർത്ഥനല്ല. അങ്ങിനെയിരിക്കെ രാജപ്രീതി എനിക്ക് എങ്ങിനെ ലഭിക്കും? ഹേ ജഗദീശ്വര ! സർവ്വജ്ഞനായി, ശ്രുതിപ്രസിദ്ധനായി, സർവ്വവ്യാപിയായിരിക്കുന്നോവേ ! സാധുവും തന്നത്താനറിയാത്തവനുമായ എന്നെ കരുണയോടെ കാത്തരുളേണമേ.

ഘടോ വാ മൃത്പിണ്ഡോƒപ്യണുരപി ച ധൂമോƒഗ്നിരചലഃ

പടോ വാ തന്തുർവാ പരിഹരതി കിം ഘോരശമനം |

വൃഥാ കണ്ഠക്ഷോഭം വഹസി തരസാ തർക്കവചസാ

പദാംഭോജം ശംഭോർഭജ പരമസൌഖ്യം വ്രജ സുധീഃ || 6 ||

ന്യായശാസ്ത്രോക്തങ്ങളായ ഘടം, മണ്ണ്, അണു, ധൂമം അഗ്നി, പർവ്വതം, വസ്ത്രം, നൂൽ എന്നിവ ഭയങ്കരനായ മൃത്യുവിനെ തട്ടുത്തു നിർത്തുമോ? പിന്നെയെന്തിനാണ് അപ്രകാരമുള്ള വാക്യങ്ങളുച്ചരിച്ച് വെറുതെ കണ്ഠക്ഷോഭം ചെയ്യുന്നതു, സർവ്വ കല്യാണങ്ങളും നൽക്കുന്ന ശംഭുവിന്റെ തൃച്ചേവടികളെ ഭജിക്കൂ! ഉടനെ തന്നെ ഉൽകൃഷ്ടമായ സൗഖ്യത്തേയും പ്രാപിക്കൂ!

മനസ്തേ പാദാബ്ജേ നിവസതു വചഃ സ്തോത്രഫണിതൌ

കരൌ ചാഭ്യർച്ചായാം ശ്രുതിരപി കഥാകർണ്ണനവിധൌ |

തവ ധ്യാനേ ബുദ്ധിർന്നയനയുഗളം മൂർത്തിവിഭവേ

പരഗ്രന്ഥാൻ കൈർവ്വാ പരമശിവ ജാനേ പരമതഃ || 7 ||

ഹേ പരമേശ്വര! എന്റെ മനസ്സ് ഭവാന്റെ പദകമലത്തിലും വചസ്സ് സ്തുതിവാക്യങ്ങളിലും കരം ആരാധനാവിധികളിലും ചെവി ചരിത്രശ്രവണങ്ങളിലും ബുദ്ധി ഭവാന്റെ ധ്യാനത്തിലും കണ്ണിണകൾ മോഹനവിഗ്രഹത്തിലും വിട്ടുപിരിയാതെ വർത്തിക്കട്ടെ. എന്നാൽ പിന്നെ ഇതരഗ്രന്ഥങ്ങളെ മറ്റേതിന്ദ്രിയങ്ങൾകൊണ്ടാണ് ഞാൻ അറിയുക.

യഥാ ബുദ്ധിഃ ശുക്തൌ രജതമിതി കാചാശ്മനി മണിർ -

ജലേ പൈഷ്ടേ ക്ഷീരം ഭവതി മൃഗതൃഷ്ണാസു സലിലം |

തഥാ ദേവഭ്രാന്ത്യാ ഭജതി ഭവദന്യം ജഡജനോ

മഹാദേവേശം ത്വാം മനസി ച ന മത്വാ പശുപതേ || 8 ||

ഹേ ദേവദേവ! സർവ്വേശ്വര! മുത്തുച്ചിപ്പിയിൽ വെള്ളിയെന്നും കാചക്കല്ലിൽ മാണിക്യമെന്നും മാവുകലർന്ന വെള്ളത്തിൽ പാലെന്നും മരുമരീചികയിൽ വെള്ളമെന്നും ഉള്ള മാനസഭ്രാന്തി ഏതു വിധത്തിൽ ഉണ്ടാവുന്നുവോ അതുപോലെ മൂഢന്മാർ ജഗന്നിയന്താവായ നിന്തിരുവടിയെ മനസ്സിൽക്കൂടി നിനയ്ക്കാതെ നിന്തിരുവടിയിൽനിന്നും ഭിന്നനായ വേറൊരുവനെ ഈശ്വരനെന്ന വ്യാമോഹത്താൽ സേവിക്കുന്നു..

ഗഭീരേ കാസാരേ വിശതി വിജനേ ഘോരവിപിനേ
വിശാലേ ശൈലേ ച ഭ്രമതി കുസുമാർത്ഥം ജഡമതിഃ |
സമർപ്പ്യൈകം ചേതഃ സരസിജമുമാനാഥ ഭവതേ
സുഖേനാവസ്ഥാതും ജന ഇഹ ന ജാനാതി കിമഹോ || 9 ||

പാർവ്വതീപതേ! മൂഢനായ മനുഷ്യൻ ആഴമേറിയ തടാകത്തിലും ജനവാസമില്ലാത്ത ഭയങ്കരമായ വനത്തിലും വിസ്താരമേറിയ പർവ്വതത്തിലും പുഷ്പത്തിനുവേണ്ടി അലഞ്ഞുതിരിഞ്ഞു നടക്കുന്നു. മനസ്സാകുന്ന ഒരു താമരപ്പൂവിനെ അങ്ങയ്ക്കായ്ക്കൊണ്ട് സമർപ്പിച്ച് ഇഹലോകത്തിൽ പരമാനന്ദമനുഭവിച്ച് സുഖിച്ചിരിക്കുന്നതിന്ന് അവന്നു അറിവില്ലാതിരിക്കുന്നു; ആശ്ചര്യംതന്നെ.

നരത്വം ദേവത്വം നഗവനമൃഗത്വം മശകതാ

പശുത്വം കീടത്വം ഭവതു വിഹഗത്വാദി ജനനം |

സദാ ത്വത്പാദാബ്ജസ്മരണപരമാനന്ദലഹരീ -

വിഹാരാസക്തം ചേദ്ധൃദയമിഹ കിം തേന വപുഷാ || 10 ||

മനുഷ്യത്വമോ, ദേവത്വമോ, മലം, കാട്, മൃഗങ്ങൾ , കൊതു, പശു, പുഴു, പക്ഷി മുതലായവരുടെ അവസ്ഥയോ എന്നിക്കുണ്ടാക്ക് കൊള്ളട്ടെ. ഇഹത്തിൽ എല്ലായ്പ്പോഴും നിന്തിരുവടിയുടെ പൊൽത്താരടികളെ സ്മരിക്കുന്നതുകൊണ്ടുണ്ടാവുന്ന പരമാനന്ദരസപ്രവാഹത്തിൽ ക്രീഡിക്കുന്നതിന്നു മനസ്സിന്നു താല്പര്യമുള്ളപക്ഷം തുച്ഛമായ ഭൗതികാശരീരംകൊണ്ട് എന്തനർത്ഥമാണുണ്ടാവാനുള്ളത്?